## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*634.** **03.04.2018 ൽ മറുപടിയ്ക്ക്**

### കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം നിയന്ത്രിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എ.പി.അനിൽ കുമാർ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി മരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ടോ; | (എ) | സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി മരുന്ന് ഉപയോഗ റിപ്പോർട്ടുകൾ സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ട്. |
| (ബി) | സ്കൂളുകൾക്ക് സമീപമുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭിക്കുന്ന മാനസിക രോഗത്തിനുള്ള മരുന്നുകളും കഫ് സിറപ്പും വേദന സംഹാരികളും കുട്ടികൾ ലഹരിക്കായി ഉപയോഗിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (ബി) യും (സി) യും | സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ അംഗീകൃത ഡോക്ടർമാരുടെ കുറിപ്പടി ഇല്ലാതെ യാതൊരുവിധ മരുന്നുകളും വിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തി വരുന്നു. വിദ്യാലയങ്ങളുടെ സമീപത്തുള്ള മെഡിക്കൽ സ്റ്റോറുകളിൽ ഇപ്രകാരമുള്ള തെറ്റായ പ്രവണതകൾ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധക്ലബ്ബുകളിലെ അംഗങ്ങളുടെയടക്കം സഹകരണത്തോടെ നിരന്തര നിരീക്ഷണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ-കോളേജ് വിദ്യാർഥികൾക്കായി വിവിധ തലത്തിലുള്ള ലഹരി വിരുദ്ധ ബോധവത്കരണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ലഹരിയായി ഉപയോഗിക്കാവുന്നതരം മരുന്നുകൾ അനധികൃതമായി വില്പന നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും, നിയമ ലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കുന്നതിനും, |
| (സി) | ഇത്തരം മെഡിക്കൽ സ്റ്റോറുകൾ അതാത് ജില്ലകളിലെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | ഇക്കാര്യത്തിൽ പ്രതിമാസ അവലോകനയോഗം നടത്തുന്നതിനും എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സ്കൂളുകളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി സ്കൂൾ കുട്ടികളെ ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാകുമോ? | (ഡി) | സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പിലെ പ്രഗത്ഭരായ ഡോക്ടർമാരെയും സൈക്കോളജിസ്റ്റുമാരെയും പങ്കെടുപ്പിച്ച്, ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. സ്കൂൾ കുട്ടികളെ ലഹരിയുടെ വഴിയിൽനിന്നും മോചിപ്പിക്കുന്നതിന് ഏറെ ജാഗ്രതയോടുകൂടിയ നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ